ളിന്റെ വല്ലവരുമാകുമോ; ടി യാനു വല്ല ഗവമ്മെണ്ടുദ്യോഗവു മുണ്ടോ?

രാമവമ്മതമ്പുരാൻ.—ഉ വീടുകൾ പണി ചെയ്യുവരുന്നുണ്ടു്.

ഫ ഫ ഠ ൈ-ലു, ഫ ഫ ഠ വു-ലും ചിലവായ സംഖ്യകളുടെ കണക്കു് അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix V*).

മുമ്പിലത്തെ വാർഡൻ രാജി വെച്ചു് ഒഴിഞ്ഞു. പുതിയ വാർഡൻ ആദ്യത്തെ വാർഡന്റെ മകനാണു്. ടി യാനു ഗവമ്മെണ്ടുദ്യോഗമൊന്നുമില്ല.

മിസ്റ്റർ കെ.പി. വള്ളോൻ.—ഈ വാർഡൻ എത്തർഗ്രാൻഡ് സ്കൂളിൽ പഠിപ്പിക്കുന്നതിനു പുറമെയാണു് ഈ ജോലിയും നോക്കുന്നതു്. ആ സ്ഥിതിക്കു് ഇതിൽ പറഞ്ഞിട്ടുള്ളതു പരമാർത്ഥമാണോ?

രാമവമ്മതമ്പുരാൻ.—ഏതു വാർഡനെ സംബന്ധിച്ചാണു് ചോദിക്കുന്നതു്?

മിസ്റ്റർ കെ.പി. വള്ളോൻ.—ഇപ്പോഴത്തെ വാർഡനെ സംബന്ധിച്ചാണു്:

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല. അന്വേഷിച്ചു പറയാം.

Manager—Chalakkudi Colony.

114. മിസ്റ്റർ കെ. പി വള്ളോൻ.—(a) ചാലക്കുടി കാളനി വാർഡനുള്ള പരീക്ഷായോഗ്യതയെന്തു്;

(b) അദ്ദേഹത്തിന്റെ ജോലി ഗവമ്മെണ്ടിനു തൃപ്തികരമാണോ?

രാമവമ്മതമ്പുരാൻ.—(a) ചാലക്കുടി കാളനി മാനേജർ സ്കൂൾഫൈനൽ പാസായിട്ടുണ്ടു്.

(b) അതെ.

മിസ്റ്റർ കെ. പി. വള്ളോൻ—ചാലക്കുടി കാളനി മാനേജരെപ്പറ്റിയല്ല ചോദിച്ചതു്. വാർഡനെപ്പറ്റിയാണു്; മാനേജരെപ്പറ്റിയാണു് മറുപടി പറഞ്ഞിരിക്കുന്നതു്.

രാമവമ്മതമ്പുരാൻ.—അവിടെ രണ്ടും കൂടി ഒരാളേയുള്ളു. വാർഡനെ സംബന്ധിച്ചുള്ള മറുപടിയാണു് അതു്.

മിസ്റ്റർ കെ. പി. വള്ളോൻ.—വാർഡനു് എന്തു പരീക്ഷായോഗ്യത വേണം.

രാമവമ്മതമ്പുരാൻ.—അന്വേഷിക്കാം.

Warden—Vellikulangara Colony.

115. മിസ്റ്റർ കെ. പി. വള്ളോൻ.—വെള്ളിക്കുളങ്ങര കാളനി വാർഡനെ ഓർഗനൈസർ ജോലിയിൽ നിന്നും മാറുവാനുണ്ടായ മതിയായ കാരണങ്ങൾ ഏവ?

രാമവമ്മതമ്പുരാൻ.—വാർഡനെ ഓർഗനൈസർ ജോലിയിൽ നിന്നും മാറിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. പി. വള്ളോൻ.—ഇപ്പോഴും ഇദ്ദേഹം ഓർഗനൈസർ തന്നെയാണോ; അല്ലെങ്കിൽ വാർഡനൊ?

രാമവമ്മതമ്പുരാൻ.—ഇപ്പോഴും ഓർഗനൈസർ തന്നെയാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—അദ്ദേഹത്തിനു് അലവൻസു കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—ഇല്ല.

മിസ്റ്റർ എം. കെ. രാമൻ.—എന്താണു് ഓർഗനൈസറുടെ ജോലി?

രാമവമ്മതമ്പുരാൻ.—അവരുടെ അപ്പീൽ ഫണ്ടിനു് സഹായിക്കുകയാണു്.

മിസ്റ്റർ എം. കെ. രാമൻ.—ഇങ്ങനെ എത്ര ഓർഗനൈസർമാർ ഉണ്ടു്?

രാമവമ്മതമ്പുരാൻ.—Depressed class uplift-നു വേണ്ടി വേലചെയ്യാൻ തയാറുള്ളവരിൽനിന്നു രണ്ടുപേരെ സിലക്ടു് ചെയ്തിട്ടുണ്ടെന്നാണു് പ്രൊട്ടക്ടരുടെ റിപ്പോർട്ടുകൊണ്ടു കാണുന്നതു്.

Warden—Manager—Colonies.

116. മിസ്റ്റർ കെ. പി. വള്ളോൻ.—വാർഡൻ, മാനേജർ എന്നീ രണ്ടുദ്യോഗസ്ഥന്മാരെ കാളനിതോറും നിയമിച്ചിട്ടുണ്ടോ; ഓരോരുത്തരുടേയും ജോലിയെന്തു്?

രാമവമ്മതമ്പുരാൻ.—കാളനിതോറും ഇങ്ങിനെ രണ്ടുദ്യോഗസ്ഥന്മാരെ വെച്ചിട്ടില്ല. കുന്ദംകുളം കാളനിയിൽ മാത്രം വാർഡനും മാനേജരും ഉണ്ടു്. വാർഡൻ കാളനിയിലെ എല്ലാ കാര്യങ്ങളും നോക്കിവരുന്നു. മാനേജർ ഇൻഡസ്ട്രിയൽ ടീച്ചറാണു്. ടിയാൻ കോളനി നിവാസികളെ കൈത്തൊഴിൽ അഭ്യസിപ്പിക്കുകയും, വാർഡന്റെ ജോലികളെ മേൽനോട്ടം ചെയ്യുകയും ചെയ്യുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—കുന്ദംകുളം കാളനിയിൽ ഒരു മാനേജരെ നിയമിച്ചിട്ടുണ്ടെന്നു പറയുന്നു. അദ്ദേഹം ഇൻഡസ്ട്രിയൽ വിദ്യാഭ്യാസത്തിനുവേണ്ടി പല സഹായങ്ങളും ചെയ്യുന്നുണ്ടെന്നും പറഞ്ഞിരിക്കുന്നു. ആ സ്കൂൾ സ്ഥാപിച്ചിട്ടുള്ളതു് ഇതേ കാളനിയിൽ തന്നെയാണോ?

രാമവമ്മതമ്പുരാൻ.—ഈ മാനേജർ കാളനികളിലെ കുട്ടികളെ പഠിപ്പിക്കുന്നുണ്ടു്; വേറെ ഒരു സ്കൂളിലെ മാസ്റ്ററാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ജോലിക്കു് അദ്ദേഹത്തിനു വേറെ എന്തെങ്കിലും അലവൻസു കൊടുക്കുന്നുണ്ടോ?

രാമവമ്മതമ്പുരാൻ.—അലവൻസു കൊടുക്കുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly